പതിന്നാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം *111 — 05/03/2018 ൽ മറുപടിയ്ക്ക്

## റീസർവ്വേ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ.കെ.രാജൻ<br>ശ്രീ.വി.ആർ.സുനിൽകുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റീസർവ്വേ നടപടികൾ പൂർത്തീകരിക്കാനാകാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്ത് 1966 മുതൽ റീസർവ്വേ ജോലികൾ നടന്നു വരുന്നു. ആദ്യഘട്ടത്തിൽ 500 ൽ പരം വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിരുന്നുവെങ്കിലും ഇക്കാലയളവിൽ ഭൂമിയുടെ ക്രയവിക്രയങ്ങളിലും ഉടമസ്ഥാവകാശങ്ങളിലും ധാരാളം മാറ്റങ്ങൾ ഉണ്ടായത് റിക്കാർഡുകളിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ ധാരാളം പരാതികൾ ഉണ്ടാവുകയും 1995 മുതൽ മുഴുവൻ സർവ്വേ ജോലിക്കാരെയും റീസർവ്വേ പരാതികൾ പരിഹരിക്കുന്നതിന് നിയോഗിക്കുകയും ചെയ്തു. 2011-2016 കാലഘട്ടങ്ങളിൽ റീസർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിരുന്നു. റീസർവ്വേ, എൽ.ആർ.എം. പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പുറമേ കാലാകാലങ്ങളിൽ സർക്കാരിന്റെ വിവിധ വികസന പദ്ധതികൾക്കാവശ്യമായ സർവ്വേ പ്രവർത്തനങ്ങൾ, വനാവകാശ സർവ്വേ, പട്ടയം നൽകുന്നതിനാവശ്യമായ സർവ്വേ, ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ സർവ്വേ, സീറോ ലാന്റ് ലെസ്സ് പദ്ധതിയ്ക്കാവശ്യമായ സർവ്വേ, പവർ ഗ്രിഡ് ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ സർവ്വേ ജോലികളും സർവ്വേ ജീവനക്കാരെ നിയോഗിച്ചാണ് ചെയ്യുന്നത്. ഇക്കാരണങ്ങളാൽ റീസർവ്വേ പ്രവർത്തനങ്ങൾ നീണ്ടുപോയിട്ടുണ്ട്. |

(ബി) നിലവിലെ സാഹചര്യത്തിൽ റീസർവ്വേ നടപടികൾ എത്രവർഷം കൊണ്ട് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങൾ അവലംബിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി) & (സി) ജീവനക്കാരുടെ അപര്യാപ്തതയും, കാലോചിതമായ സാങ്കേതിക വിദ്യ കൈക്കൊള്ളാത്തതും കാരണം റീസർവ്വേ തുടങ്ങി വർഷങ്ങൾ പിന്നിട്ടിട്ടും സംസ്ഥാനത്തെ 60% ഭൂമിയുടെ മാത്രമേ റീസർവ്വേ നടത്താൻ സാധിച്ചിട്ടുള്ളൂ. സമയബന്ധിതമായി സംസ്ഥാനത്തെ മുഴുവൻ ഭൂമിയുടേയും റീസർവ്വേ പൂർത്തിയാക്കുന്നതിനായി ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ സർവ്വേ നടത്തുന്നതിനും അതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചിട്ടുള്ള ഏജൻസികളെക്കൊണ്ടും സർവ്വേ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സർവ്വേ ട്രെയിനിംഗ് ലഭിച്ചിട്ടുള്ളവരെയും സർവ്വേ സംബന്ധിച്ച സാങ്കേതിക വിദ്യാഭ്യാസം നേടിയിട്ടുള്ളവരെയും ഉപയോഗപ്പെടുത്തിക്കൊണ്ടും കേന്ദ്രഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ടും സർവ്വേ നടപടികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനും സർവ്വേ വാലിഡേഷൻ നടപടികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് സമയബന്ധിതമായി ചെയ്തു തീർക്കുന്നതിനും ആയി മന്ത്രിസഭാതലത്തിൽ തീരുമാനം എടുക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ